## കുമിൾ രോഗം വ്യാപകം: അന്നമനട, കുഴൂർ പഞ്ചായത്തുകളിൽ

# നെൽകൃഷി നശിക്കുന്നു

Malayala Manorama-26-02-2018-P-02

മാള ● കുമിൾ രോഗബാധയെ തുടർന്ന് അന്നമനട, കുഴൂർ പഞ്ചായത്തുകളിലെ കോൾപാടങ്ങളിലെ നെൽകൃഷി നശിക്കുന്നു. ലക്ഷങ്ങൾ കടമെടുത്തു കൃഷിയിറക്കിയ കർഷകർ കനത്ത ബാധ്യതയിലേക്കു മൂക്കുകുത്തുന്ന അവസ്ഥയാണ്.

അന്നമനടയിൽ കീഴഡൂരിൽ അടൂപ്പാടം പാടശേഖരത്തിലെ 55 ഏക്കറിലുള്ള കൃഷിയും കുഴൂർ പഞ്ചായത്തിലെ തുമ്പരശേരി പാടശേഖരത്തിലെ 15 ഏക്കർ പുഞ്ചകൃഷിയുമാണു രോഗത്തിന്റെ പിടിയിലായത്. കതിരുവന്ന ചെടികളെല്ലാം പഴുത്തു നശിക്കുകയാണ്.

പ്രത്യേക ഇനത്തിൽപ്പെട്ട നെല്ലിലാണു രോഗബാധ ഉണ്ടായിരിക്കുന്നതെന്നു കർഷകർ പറയുന്നു. കരുത്തോടെ വളർന്നിരുന്ന ചെടികളിൽ രണ്ടാഴ്ച മുൻപാണു രോഗലക്ഷണം കണ്ടുതുടങ്ങിയത്. കതിർ വന്നതിനു ശേഷം നെൽമണികൾ പഴുത്തു പതിരായി പോകുകയാണിപ്പോൾ. പിന്നീടു ചെടികൾ നശിക്കുകയും ചെയ്യുന്നു.

കൃഷിഭവനുമായി ബന്ധപ്പെട്ടു മരുന്ന് പ്രയോഗിച്ചെങ്കിലും ഫലം കണ്ടില്ല. പാട്ടത്തിനെടുത്ത കൃഷിയിടത്തിൽ പലിശയ്ക്കു കടം വാങ്ങിയും വായ്പ എടുത്തുമൊക്കെയാണു കൃഷിയിറക്കിയിട്ടുള്ളത്. നിലം ഒരുക്കിയതിന്റെ പോലും പണം ലഭിക്കില്ലെന്ന അവസ്ഥയിലാണു കർഷകർ. വൈക്കോൽ പോലും ഇക്കുറി ലഭിക്കില്ലെന്നാണു കർഷകർ പറയുന്നത്.

കൃഷിഭവനിൽനിന്നു നൽകിയ പുതിയ വിത്താണു രോഗം വരാൻ കാരണമെന്നു കർഷകർ സംശയിക്കുന്നു. ഈ നെൽവിത്ത് കോൾപാടങ്ങളിൽ അനുയോജ്യമല്ലെന്നാണ് ഇവർ പറയുന്നത്. കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് അധികൃതർ എന്നിവർ സ്ഥലത്തെത്തി പരിശോധന നടത്തി.



അന്നമനട അടൂപ്പാടം പാടശേഖരത്തിലെ കുമിൾ രോഗം ബാധിച്ച കതിരിട്ട നെൽച്ചെടി.